# 'പലിശരഹിത മൈക്രോഫിനാൻസ് ഭാവിയിലേക്കൊരു രജത രേഖ'

**അർശദ് അജ്മൽ**
(കൺവീനർ, ടാസ്ക് ഫോഴ്സ് ഫോർ ഇസ്‌ലാമിക് മൈക്രോഫിനാൻസ്)



*കഴിഞ്ഞ ആഗസ്റ്റിൽ ഹൈദരാബാദിൽ പലിശരഹിത മൈക്രോ ഫിനാൻസിനെക്കുറിച്ച് ഒരു ദേശീയ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചിരുന്നല്ലോ. അതിന് ലഭിച്ച പ്രതികരണം?*

ജമാഅത്തെ ഇസ്‌ലാമിയുടെ കീഴിലുള്ള ഹ്യൂമൻ വെൽഫെയർ ഫൗണ്ടേഷന്റെ കീഴിലാണ് ഹൈദരാബാദിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്. 'വിഷൻ 2016' എന്ന ബൃഹത് പദ്ധതി രൂപകൽപന ചെയ്തത് ഈ ഫൗണ്ടേഷനാണ്. ഇന്ത്യയിലെ പിന്നാക്ക, പാർശ്വവത്കൃത ജനവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സംരംഭമാണിത്. വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷണം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാണ് മുഖ്യ പരിഗണന. ഫൗണ്ടേഷന്റെ മുഖ്യ പരിപാടികളിലൊന്നാണ് ഇസ്‌ലാമിക് മൈക്രോഫിനാൻസ് സംരംഭങ്ങൾ. ഏറെ പിന്നാക്കം നിൽക്കുന്ന സമൂഹങ്ങളുടെ സാമ്പത്തിക ഉന്നമനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇന്ത്യയിലെ പ്രമുഖ സാമ്പത്തിക വിദഗ്ധർ ഈ സംരംഭങ്ങളുടെ ഘടന പഠിക്കുകയും നല്ല അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

*തുടർ പദ്ധതികൾ എന്തൊക്കെയാണ്?*

അഞ്ച് തലങ്ങളിലായാണ് മൈക്രോഫിനാൻസ് സംരംഭങ്ങൾ പുരോഗമിക്കുന്നത്. ഒന്നാമത്തേത്, വർക്ക്ഷോപ്പുകളാണ്. പുതിയ സംരംഭമായതുകൊണ്ട് അതിന് നേതൃത്വം നൽകാൻ യോഗ്യരായവരെ പരിശീലിപ്പിച്ചെടുക്കേണ്ടതുണ്ട്. ഒരു സംസ്ഥാനത്തുനിന്ന്

മൂന്ന് പേരെയാണ് തുടക്കത്തിൽ പരിശീലനത്തിനായി തെരഞ്ഞെടുത്തത്. തുടക്കത്തിൽ ഇവർക്ക് ഇസ്‌ലാമിക ധനശാസ്ത്രത്തെക്കുറിച്ചും അതിന്റെ പ്രയോഗവത്കരണത്തെക്കുറിച്ചും നല്ല ഉൾക്കാഴ്ച നൽകുകയാണ് ചെയ്യുക. ഈ വ്യക്തികളാണ് സംസ്ഥാനതലത്തിൽ മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ ആരംഭിക്കാൻ മുൻകൈയെടുക്കേണ്ടത്. ഇന്ത്യയിലുടനീളം ഇതിന്റെ സാധ്യതകൾ ആരാഞ്ഞ് സർവേ നടത്തുക എന്നതാണ് രണ്ടാമത്തെ ഘട്ടം. വിഭവങ്ങൾ ലഭ്യമാണോ എന്നാണ് മുഖ്യമായും പരിശോധിക്കുക. മുംബൈയിലുള്ള ഡോ. റഹ്മത്തുല്ലയുടെ നേതൃത്വത്തിൽ സർവേ ആരംഭിച്ചിട്ടുണ്ട്. 2009 ഡിസംബറിൽ ഇതുസംബന്ധമായ റിപ്പോർട്ട് സമർപ്പിക്കും.

**പലിശയധിഷ്ഠിതമായ ഒരു സാമ്പത്തിക സംവിധാനത്തിനും നിലനിൽപില്ല എന്നത് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. ഇത് നമ്മുടെ പ്രതീക്ഷകൾക്ക് മിഴിവേറ്റുന്നു. ഉദ്ദേശിച്ച രൂപത്തിൽ പദ്ധതികൾ വിജയിപ്പിക്കാനായാൽ ഇന്ത്യയിൽ ഇസ്‌ലാമിക് മൈക്രോ ഫിനാൻസിന്റെ ഭാവി ശുഭകരമായിരിക്കും, തീർച്ച.**

മൂന്നാമതായി, ഇത്തരം സംരംഭങ്ങൾ എങ്ങനെ ലാഭകരമായി നടത്തിക്കൊണ്ടുപോകാം എന്ന കാര്യമാണ് ആലോചിക്കുന്നത്. ഇതിനായി ഗവേഷണ പഠനങ്ങൾ നടക്കേണ്ടതുണ്ട്. വിവിധ രാജ്യങ്ങളിൽ വിജയകരമായി നടക്കുന്ന സംരംഭങ്ങളെക്കുറിച്ച് പഠിക്കണം. ഇന്ത്യൻ സാഹചര്യത്തിൽ അവ എങ്ങനെ പ്രയോഗവത്കരിക്കാം എന്നും ആലോചിക്കണം. മാറുന്ന സാങ്കേതിക വിദ്യകളും ബിസിനസ് ട്രെന്റുകളും മുമ്പിൽ വെച്ചുള്ള ഗവേഷണത്തിന് നേതൃത്വം നൽകുന്നത് പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ ഡോ. നജാത്തുല്ല സിദ്ദീഖിയാണ്.

നാലാമത്തെ സംഗതി വളരെ പ്രധാനപ്പെട്ടതാണ്. രണ്ട് സ്വഭാവത്തിലാണ് സംരംഭങ്ങൾ പ്രവർത്തിക്കുക. ഒന്ന്, സ്വയം പര്യാപ്തമായ (self sustainable unit) സംരംഭമായും മറ്റേത് സബ്സിഡിയോട് കൂടിയും. സബ്സിഡിയോട് കൂടിയുള്ളവക്ക് സകാത്തിന്റെ വിഹിതം ആവശ്യമാണ്. ഇത് സംബന്ധമായ ഒരു വിശദ റിപ്പോർട്ട് ഡോ. റഹ്മത്തുല്ല 'ടാക്സ് ഫോഴ്സി'ന് നൽകിയിട്ടുണ്ട്.

അഞ്ചാമതായി, മൈക്രോ ഫിനാൻസിംഗ് സംരംഭങ്ങളെ കോഡിനേറ്റ് ചെയ്യുന്നതിനായി ഒരു പ്രമോട്ടിംഗ് ഏജൻസിയെ ചുമതലപ്പെടുത്തും. ഇത് ഒരു എൻ.ജി.ഒയിൽ രജിസ്റ്റർ ചെയ്യുകയും സംരംഭങ്ങൾക്കാവശ്യമായ നിയമ സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്യും.

നമ്മുടെ ഏതു സംരംഭം ആരംഭിക്കുമ്പോഴും അതിന്റേതായ പ്രയാസങ്ങൾ ഉണ്ടാവാറുണ്ട്. നാം അതിനെ സമർഥമായി തരണം ചെയ്തതാണ് ചരിത്രം. പ്രയാസങ്ങളെയും പ്രതിബന്ധങ്ങളെയും നാം മറികടക്കണം. നാൽപതു വർഷം മുമ്പാണ് ജമാഅത്തെ ഇസ്‌ലാമി ഈ രംഗത്ത് ആദ്യ കാൽവെപ്പുകൾ നടത്തിയത്. രാജ്യത്തുടനീളമുള്ള പലിശരഹിത സംരംഭങ്ങൾ ഇപ്പോൾ വിജയകരമായി നടക്കുന്നുണ്ട്. എന്നിരുന്നാലും പലിശരഹിത സ്ഥാപനങ്ങൾ നേരിടുന്ന വലിയ തടസ്സം അതിന്റെ നിയമസാധുതയാണ്. ഇത് പരിഹരിക്കാൻ ഗവൺമെന്റുമായി ആശയവിനിമയം നടത്തുന്നുണ്ട്. എത്രയും പെട്ടെന്ന് ഈ പ്രശ്നം പരിഹരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

*ഭാവി പ്രതീക്ഷകൾ?*

നമ്മൾ ഏറെ പ്രതീക്ഷയിൽ തന്നെയാണുള്ളത്. ഇസ്‌ലാമിക് മൈക്രോ

ഫിനാൻസിന്റെ അടിസ്ഥാനം നീതിപൂർവകവും സുരക്ഷിതവുമായ സാമ്പത്തിക വ്യവഹാരമാണ്. ഇത് ഉള്ളവൻ ഉള്ളവർക്കായി നടത്തുന്ന സംരംഭമല്ല. രാജ്യത്തെ ഏതാണ്ട് 77 ശതമാനം വരെ വരുന്ന ദരിദ്ര ജനങ്ങൾക്ക് ഇത് പ്രതീക്ഷ നൽകും. പലിശയധിഷ്ഠിതമായ ഒരു സാമ്പത്തിക സംവിധാനത്തിനും നിലനിൽപില്ല എന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. ഇത് നമ്മുടെ പ്രതീക്ഷകൾക്ക് മിഴിവേറ്റുന്നു. ഉദ്ദേശിച്ച രൂപത്തിൽ പദ്ധതികൾ വിജയിപ്പിക്കാനായാൽ ഇന്ത്യയിൽ ഇസ്‌ലാമിക് മൈക്രോ ഫിനാൻസിന്റെ ഭാവി ശുഭകരമായിരിക്കും, തീർച്ച. ■

(അഭിമുഖം നടത്തിയത്:
അൻവർ സാദാത്ത്)